ഡി.പി.ഇ.പി. പോലെയല്ല, വളരെ വ്യവസ്ഥാപിതമായി എസ്.എസ്. എ.യുടെ പദ്ധതികൾ ജനപ്രതിനിധികളുടെ സഹായത്തോടുകൂടി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : എസ്.എസ്.എ. നടപ്പിലാക്കുന്നതിനുവേണ്ടി കേരളത്തിൽ എട്ടു ജില്ലകളിൽ 106 ഡി.പി.ഒ. മാരെ നിയമിച്ചു, അതിൽ 53 പേർ എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർമാരായിരുന്നു. 53 എൽ.പി. സ്കൂൾ ഹെഡ് മാസ്റ്റർമാരെ നിയമിച്ചപ്പോൾ, അവർ ജോലി ചെയ്തിരുന്ന സ്കൂളുകളിൽ ഇപ്പോൾ പ്രധാന അദ്ധ്യാപകരില്ല. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ഇവരെ ഡി.പി.ഒ.മാരായി നിയമിച്ചത്. ഇവരെ ഡി.പി.ഒ. മാരായി നിയമിച്ചപ്പോൾ നമ്മുടെ പ്രാദേശിക എൽ.പി. സ്കൂളുകളുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്.

മി. സ്പീക്കർ : No .....No ..... I don't permit you.....Put the question. Why do you make such unnecessary comments.

ശ്രീ. വി. കെ. ചന്ദ്രൻ : അത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

മി. സ്പീക്കർ : മിടുക്കൻമാർ ആകുന്നത് വളരെ മോശമാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : അതേരൂപത്തിൽ മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗുണമേൻമ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഇത് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. നാലകത്തു സൂപ്പി : ഡി.പി.സി.മാരായിട്ടും അതുപോലെ ബി.ആർ.സി. മാരായിട്ടും അദ്ധ്യാപകരുടെ കുറവുണ്ട്. അതുകൊണ്ട് ഞങ്ങൾ ആലോചിച്ചതിനുശേഷം പ്രൊട്ടക്ടഡ് ടീച്ചേഴ്സിനെ നിയമിക്കാൻ തീരുമാനിച്ചു. ഒരുപരിധിവരെ പ്രൊട്ടക്ടഡ് ടീച്ചേഴ്സ് രംഗത്ത് വന്നു, പിന്നീട് അവർ മാതൃകാ വിദ്യാലയത്തിൽ വേക്കൻസി ടൈമിൽ തിരിച്ചുപോകുകയാണ്. ഇത് പത്തുകൊല്ലത്തെ സ്കീമാണ്. അതിൽ ഇടയ്ക്കിടെ പോകുന്ന അദ്ധ്യാപകരെ നിശ്ചയിക്കാൻ പാടില്ല. അതുകൊണ്ടാണ് സർവീസുള്ള, ഈ രംഗത്ത് പരിചയമുള്ള അദ്ധ്യാപകരെ എടുക്കേണ്ടി വന്നത്. പ്രധാന അദ്ധ്യാപകരില്ലാത്ത പ്രയാസം ബന്ധപ്പെട്ട സ്കൂളുകളിൽ ഉണ്ടെങ്കിൽ അക്കാര്യം ഗവൺമെന്റ് പ്രത്യേകം പരിഗണിക്കുന്നതാണ്.

(2) തീരദേശ അതോറിറ്റി രൂപീകരണം

ശ്രീ. കെ. സി. വേണുഗോപാൽ : സർ, പല തവണ ഈ സഭയിൽ ശ്രദ്ധക്ഷണിച്ച വിഷയമാണ്. തീരദേശ വികസന അതോറിറ്റിയെക്കുറിച്ചുള്ള പ്രശ്നം. 1995-ൽ ബഹുമാനപ്പെട്ട എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തീരുമാനമെടുത്തതാണ്. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള ജനങ്ങളുടെ ജീവിതരീതിയും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ട് അവരുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി അതോറിറ്റി രൂപീകരിക്കാനുള്ള ആവശ്യം അന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. പക്ഷേ, പിന്നീട് വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആ ആശയം ഉപേക്ഷിക്കുകയും വീണ്ടും ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്ന ഉടനെ തീരദേശവികസന അതോറിറ്റിയും മലയോര വികസന അതോറിറ്റിയും യാഥാർത്ഥ്യമാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷെ രണ്ടുവർഷം കഴിഞ്ഞിട്ടും ഈ രംഗത്ത് കാര്യമായ ഒരു പുരോഗതിയും ഉളവാക്കാൻ നമുക്ക് കഴിഞ്ഞില്ല എന്നുള്ളത് ഏറെ നിർഭാഗ്യകരമാണ്. കടലോരങ്ങളിൽ താമസിക്കുന്നവരെ സംബന്ധിച്ച് അങ്ങേയ്ക്കറിയാമല്ലോ, അവരുടെ പാർപ്പിട പ്രശ്നം വളരെ രൂക്ഷമാണ്. ഓരോ വർഷവും ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണങ്ങളിൽപ്പെട്ട് ഉള്ള പുരയും ഇല്ലാതാകുന്ന ദാരുണമായ അവസ്ഥയാണുള്ളത്, ഈ വർഷം തന്നെ കടലാക്രമണംമൂലം നൂറ് കണക്കിന് ആളുകൾക്കാണ് പാർപ്പിടം നഷ്ടപ്പെട്ടുപോയിരിക്കുന്നത് എന്നു ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി പറയുകയുണ്ടായി, വെദ്യുതിയില്ല, കുടിവെള്ളവുമില്ല. ഈ അടുത്ത കാലത്ത് എന്റെ മണ്ഡലത്തിലടക്കം മലയോരപ്രദേശങ്ങളിൽ രണ്ടുപേരാണ് പനിവന്ന് മരിച്ചത്. നല്ല വെള്ളം കുടിക്കാനില്ല. അവരുടെ ഭാഗത്തേയ്ക്കുപോകാൻ റോഡില്ല. റോഡിന്റേയും വൈദ്യുതിയുടേയും വെള്ളത്തിന്റേയും കാര്യത്തിൽ കഴിഞ്ഞ കാലഘട്ടത്തിൽ ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. നമ്മൾ ആദിവാസികളെക്കുറിച്ചാണ് ചർച്ച ചെയ്തിട്ടുള്ളത്. അവരെപ്പോലെതന്നെ കാരുണ്യം അർഹിക്കുന്നവരാണ് തീരപ്രദേശങ്ങളിൽ താമസിക്കുന്നവരും. മൽസ്യത്തൊഴിലാളികളുടെയും മറ്റും പാർപ്പിട പ്രശ്നം, കുടിവെള്ള പ്രശ്നം, വൈദ്യുതി പ്രശ്നം, ഗതാഗത പ്രശ്നം എന്നിവ പരിഹരിക്കാനും അവരുടെ സമഗ്രമായ പുരോഗതിക്കും വേണ്ടിയുള്ളതാണ് തീരദേശവികസന അതോറിറ്റി രൂപീകരണം. 1995-ൽ പ്രഖ്യാപിച്ചതാണത്. ഇതിനുമുൻപ് മലയോര അതോറിറ്റിയുടെ പ്രശ്നം ബഹുമാനപ്പെട്ട കെ.സി.ജോസഫ് സബ്മിഷനിലൂടെ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഇക്കാര്യം വളരെ ഗൗരവമായി എടുത്ത് അടിയന്തിരമായി നടപടി സ്വീകരിക്കുകയാണ് എന്ന്. മുഖ്യമന്ത്രി മറുപടി പറഞ്ഞിട്ട് ആറ് മാസം കഴിഞ്ഞു. ഞാൻ മനസ്സിലാക്കുന്നത് സാങ്കേതികമായ ചില എതിർപ്പുകൾമൂലം ഈ പദ്ധതി മെല്ലെ നീങ്ങിപ്പോകുകയാണ് എന്നാണ്. സർ, ഐക്യജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതാണിത്. തീരപ്രദേശങ്ങളിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണ്. അവർക്ക് പദ്ധതികളില്ല, പരിപാടികളില്ല. ആ പ്രദേശങ്ങളിലെ ജനങ്ങൾ അവഗണിക്കപ്പെടുകയാണ്. ഈ കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായ സമീപനം സ്വീകരിക്കണം. തീരദേശ വികസന അതോറിറ്റി സമയബന്ധിതമായി രൂപീകരിച്ച് കുടിവെള്ളത്തിനും പാർപ്പിടത്തിനും വൈദ്യുതിക്കും ഗതാഗത വികസനത്തിനും പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ലെങ്കിൽ ആദിവാസി പ്രശ്നം തീരപ്രദേശത്ത് ഉണ്ടാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അവർ ഒന്നും പറയാത്തതുകൊണ്ട് അവർക്ക് ഒന്നും വേണ്ടായെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്. വളരെ ഉചിതമായ പരിഹാരം ഇക്കാര്യത്തിൽ ഉണ്ടാക്കണം, ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ, അടിസ്ഥാന സൗകര്യങ്ങളും മറ്റ് പ്രാഥമിക സൗകര്യങ്ങളും വേണ്ട രീതിയിൽ ലഭിക്കാത്ത സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ശുദ്ധജലവിതരണം, ഭവന നിർമ്മാണം, ശുചീകരണം, ആരോഗ്യപരിപാലനം എന്നിവ ഉൾപ്പെടെ തീരപ്രദേശത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി ഒരു തീരദേശ വികസന അതോറിറ്റി രൂപീകരിക്കുമെന്ന് 2001-2002-ലെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. തീരദേശ വികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യത്തിൽ സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ജലസേചന വകുപ്പു സെക്രട്ടറി ശ്രീ. കെ. ജയകുമാറിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് 15-9-2001-ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. Special Officer-ടെ റിപ്പോർട്ട് 2-2-2002-ൽ ലഭിച്ചു. എന്നാൽ വികസന അതോറിറ്റി രൂപീകരിച്ചാൽ തങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുമെന്ന ആരോപണം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായി. ഇത് സംബന്ധിച്ച് വിശദമായ ചർച്ച നടത്തി സർക്കാർ ഉടൻ തീരുമാനം എടുക്കുന്നതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് തദ്ദേശഭരണസ്ഥാപനങ്ങൾ എതിർക്കുന്നു എന്നാണ്. ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ സാധിക്കുകയില്ല. ഇന്നലെ ചർച്ച ചെയ്ത Minor Irrigation പോലെയുള്ള പദ്ധതികൾ പോലും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിട്ട് കൊടുത്തിട്ട് ഒന്നും നടക്കാത്ത സാഹചര്യത്തിൽ തീരദേശ വികസന അതോറിറ്റി രൂപീകരണത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ എതിർക്കുന്നു എന്ന് പറഞ്ഞിട്ട് ഇത് ഇല്ലാതാക്കാനാണ് തീരുമാനമെങ്കിൽ ഒരു കാരണവശാലും ഞങ്ങൾ അനുവദിക്കുന്ന പ്രശ്നമില്ല എന്ന് ഈ സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പ് സൂചിപ്പിച്ചത്, ഇക്കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നാണ്. അത് മനസ്സിലാക്കി തീരദേശ വികസന അതോറിറ്റിയും മലയോര വികസന അതോറിറ്റിയും സമയബന്ധിതമായി രൂപീകരിക്കാൻ തീരുമാനം എടുക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ചെർക്കളം അബ്ദുള്ള : ഉത്തരത്തിന്റെ അവസാനഭാഗം ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചില്ല എന്ന് തോന്നുന്നു. ഇത് സംബന്ധിച്ച് സർക്കാർ ഉടനെ ഒരു തീരുമാനം എടുക്കുമെന്നാണ് പറഞ്ഞത്. ഇറിഗേഷൻ പദ്ധതികളൊന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുതന്നിട്ടില്ല. അവർ ഇവിടെ വർക്ക് ചെയ്തില്ല എന്ന് പറഞ്ഞത് തെറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly